# Sree Sankaracharya University of Sanskrit, Kalady
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 21.04.2026

പ്രസിദ്ധീകരണത്തിന്

## ശ്രീശങ്കരജയന്തി സംസ്ഥാന ആഘോഷമായി പ്രഖ്യാപിക്കണം: ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

ശ്രീശങ്കരജയന്തി സംസ്ഥാന ആഘോഷമായി പ്രഖ്യാപിച്ച് വിപുലമായി ആഘോഷിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആവശ്യപ്പെട്ടു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശ്രീശങ്കരജയന്തി ദിനാഘോഷങ്ങൾ സർവ്വകലാശാലയുടെ കാലടി മുഖ്യകാമ്പസിലെ യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ. കേരളത്തെ ലോകത്തിനെ അറിയിച്ച മഹാഗുരുവും കേരളത്തിന്റെ അമൂല്യനിധിയുമാണ് ശ്രീശങ്കരാചാര്യർ. ആദിശങ്കരന്റെ ജയന്തി ലോകം മുഴുവൻ ആഘോഷിക്കണം. ലോകത്തിന് ശങ്കരനെ സംഭാവന ചെയ്തത് കേരളമാണ്. കേരളീയരുടെ അഭിമാനമാണ് ശ്രീശങ്കരാചാര്യർ. ശങ്കരജയന്തി സംസ്ഥാന ആഘോഷമാക്കുന്നതിലൂടെ ഓരോ കേരളീയനും അഭിമാനിക്കുവാൻ കഴിയും. സനാതന ധർമ്മത്തെ ഉയർത്തിക്കൊണ്ടുവന്ന് ധർമ്മസംസ്ഥാപനത്തിനാണ് ആദി ശങ്കരൻ ശ്രമിച്ചത്. ശ്രീശങ്കരാചാര്യർ ഭാരതത്തിന്റെ മഹാനായ പുത്രനും, ജഗദ്ഗുരുവുമാണ്. ശങ്കരദർശനങ്ങൾ കേരളത്തിന്റെ മാത്രമല്ല ലോകം മുഴുവന്റെയുമാണ്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.

പ്രതിഷേധങ്ങൾ നമ്മുടെ സംസ്കാരമല്ല. സംവാദമാണ് നമ്മുടെ സംസ്കാരം. പരസ്പരം സംവദിക്കുവാൻ കഴിയുന്നതാണ് സനാതന സംസ്കൃതി. ആദിശങ്കരനും ശ്രീനാരായണ ഗുരുവും ഉയർത്തിപ്പിടിച്ച മൂല്യങ്ങളെ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. വിരുദ്ധ അഭിപ്രായമുള്ളവർ തമ്മിൽ പരസ്പരം ഏറ്റുമുട്ടുകയല്ല, പകരം സമാധാനപരമായി സംവദിക്കുകയാണ് ചെയ്യേണ്ടത്. അദ്വൈത വേദാന്തമാണ് സനാതന ധർമ്മത്തിന്റെ അടിസ്ഥാനം. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളെ പോലെ കേവലം ഒരു സർവ്വകലാശാല മാത്രമല്ല, വൈശിഷ്ട്യമുള്ള സർവ്വകലാശാലയാണ്. ആദിശങ്കരന്റെ പേരിലുള്ള സർവ്വകലാശാലയാണിത്. ശങ്കരന്റെ ദർശനങ്ങളെയും സംസ്കൃതഭാഷയെയും ഗവേഷണത്തെയും ലോകമെങ്ങും അറിയിക്കുവാനുള്ള ചുമതല ഈ സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്. 1993 ൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്ഥാപിച്ച സർക്കാരിനെ ഗവർണർ പ്രശംസിച്ചു. മഹത്തായ ഒരു കൃത്യമാണ് അന്നത്തെ സർക്കാർ ചെയ്തതെന്ന് ഗവർണർ പറഞ്ഞു.

എഴുത്തുകാരൻ സി. രാധാകൃഷ്ണൻ, സ്വാമി നരസിംഹാനന്ദ എന്നിവർ ശ്രീശങ്കര വാർഷിക പ്രഭാഷണങ്ങൾ നിർവ്വഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ്, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ശങ്കരകൃതികളെ ആസ്പദമാക്കി സംഗീത വിഭാഗം അവതരിപ്പിച്ച സംഗീത സപര്യയും ഡാൻസ് വിഭാഗം അവതരിപ്പിച്ച നൃത്താവിഷ്ക്കാരവും നടന്നു.

**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശ്രീശങ്കരജയന്തി ദിനാഘോഷങ്ങൾ സർവ്വകലാശാലയുടെ കാലടി മുഖ്യകാമ്പസിലെ യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ്, സി. രാധാകൃഷ്ണൻ, സ്വാമി നരസിംഹാനന്ദ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് എന്നിവർ സമീപം.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075